**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3154** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷന്റെ പ്രവൃത്തികളുടെ ഭാഗമായുള്ള റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി പ്രവൃത്തികളുടെ ഭാഗമായുള്ള തച്ചോട്ട്കാവ്-മങ്കാട്ട്കടവ്, പിടാരം-വിളവൂർക്കൽ എന്നീ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | തച്ചോട്ട്കാവ് – മങ്കാട്ട്കടവ് റോഡിൽ ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുള്ളതാണ്. പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം കേരള വാട്ടർ അതോറിറ്റി നേരിട്ട് റിസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യുന്നതാണ്. പിടാരം, വിളവൂർക്കൽ റോഡിൽ നിലവിൽ ജല വിതരണ പൈപ്പുകൾ സ്ഥാപിച്ച ഭാഗത്തെ റിസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റിസ്റ്റോറേഷൻ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | റിസ്റ്റോറേഷൻ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കേരള വാട്ടർ അതോറിറ്റിയ്ക്കാണ്. 2025 ഡിസംബറോടെ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ